കുഞ്ഞുമനസ്സ് വളരുമ്പോൾ

മാതൃഭൂമി
ആരോഗ്യമാസിക

നവംബർ 2012 / ₹ 20

NO. 1 HEALTH MAGAZINE IN INDIA

വീണ്ടും
സൈക്കിൾ വസന്തം

പുതിയ
പംക്തി

Dining

## ലൈഫ് സ്റ്റൈൽ

# സൈക്കിളുകളെ പ്രണയിക്കുന്ന സോഫ്റ്റ്‌വെയർ എഞ്ചിനീയർ


അതിരൂപ്

സൈക്കിളിന്റെ നന്മകളിൽ നിന്ന് അകന്നു പോയവരെ വീണ്ടും ആ ബാലൻസിങ്ങിലേക്കു നയിക്കാനുള്ള ഉജ്ജ്വലമായ ശ്രമമാണ് അതിരൂപ് എന്ന സോഫ്റ്റ്‌വെയർ എൻജിനീയറുടേത്. തിരുവനന്തപുരത്തെ പാപ്പനംകോട് സ്വദേശിയായ അതിരൂപ് സ്വന്തം സോഫ്റ്റ്‌വെയർ കൺസൾട്ടൻസി സ്ഥാപനം നടത്തുന്നതിനിടെയാണ് സൈക്കിളുകളോട് പ്രണയത്തിലാകുന്നത്. തൊഴിൽ പരമായ കാര്യങ്ങൾക്ക് പലപ്പോഴും പലേടത്തും ആയിരിക്കുമ്പോൾ ചെറു ചെറു യാത്രകൾ വേണ്ടി വരുമായിരുന്നു. ഇതിന് സൈക്കിളാണല്ലോ ഏറ്റവും സൗകര്യമെന്ന നാടൻ ചിന്തയിൽ നിന്നാണ് സൈക്കിൾ ക്ലബ്ബ് എന്ന ആശയത്തിലേക്ക് എത്തുന്നത്. തിരുവനന്തപുരത്തായിരുന്നു സൈക്കിൾ ക്ലബ്ബിന്റെ തുടക്കം. സ്വന്തമായി വാങ്ങിയ ഏതാനും സൈക്കിളുകളുമായി അതിസ് ബൈസിക്കിൾ ക്ലബ്ബ്(ABC) ന് തുടക്കമിട്ടു. തുടക്കത്തിൽ ഏതാനും സൈക്കിളുകൾ മാത്രമായിരുന്നു. സാവധാനത്തിലാണ് വളർച്ചയുടെ വഴിയിലേക്ക് എത്തിയത്.

സംഭവം ലളിതമാണ്. നഗരത്തിൽ പലേടത്തും അതിസ് സൈക്കിൾ ക്ലബ്ബിന്റെ റാക്കുകളുണ്ട്. അവിടങ്ങളിൽ ഏതാനും സൈക്കിളുകൾ പൂട്ടി വെച്ചിട്ടുണ്ടായിരിക്കും. ആദ്യം സൈക്കിൾ ക്ലബ്ബിൽ അംഗത്വമെടുക്കുക. ഇതിന് അതിരൂപിനെ മൊബൈലിൽ വിളിച്ചാൽ മതി. എവിടെയാണ് അംഗത്വഫീസ് നിക്ഷേപിക്കേണ്ടത്, എവിടെയാണ് സൈക്കിളുകൾ വെച്ചിരിക്കുന്നത്, സൈക്കിളുകളുടെ പൂട്ട് എങ്ങനെ തുറക്കാം തുടങ്ങിയ വിവരങ്ങളെല്ലാം അപ്പോൾത്തന്നെ വിവരിച്ചു തരും. 500 രൂപ കൊടുത്ത് അംഗത്വമെടുത്ത ശേഷം ഏതു സൈക്കിളാണ് എടുക്കേണ്ടത് എന്ന് മെസ്സേജ് ചെയ്താൽ മതി ആ സൈക്കിളിന്റെ പൂട്ടു തുറക്കാനുള്ള നമ്പർ ലോക്ക് പാസ് വേഡ് മൊബൈലിൽ കിട്ടും. പൂട്ടു തുറക്കുക, സൈക്കിൾ എടുക്കുക, ഇഷ്ടമുള്ളിടത്തു പോവുക. ചെന്നെത്തിയ സ്ഥലത്തിനടുത്ത് എവിടെയാണോ സൈക്കിൾ ക്ലബ്ബിന്റെ റാക്ക് ഉള്ളത് അവിടെ കൊണ്ടു ചെന്ന് വീണ്ടും ഒരു മെസേജ് അയച്ച് നമ്പർ എടുത്ത് സൈക്കിൾ ലോക്ക് ചെയ്യുക.

തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ മാത്രം ആയിരത്തിലധികം അംഗങ്ങളുണ്ട് അതിരൂപിന്റെ സൈക്കിൾ ക്ലബ്ബിൽ. എറണാകുളത്ത് ഇൻഫോപാർക്കിൽ ഉടൻ സൈക്കിൾ ക്ലബ്ബ് തുടങ്ങുകയാണ്. തിരുവനന്തപുരത്തും എറണാകുളത്തും റെയിൽവേസ്റ്റേഷനുകളിലും മറ്റു പ്രധാന കവലകളിലുമെല്ലാം അതിരൂപിന്റെ സൈക്കിളുകളുണ്ട്. ഫോർട്ടു കൊച്ചി, മട്ടാഞ്ചേരി, കോവളം തുടങ്ങി പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കു കൂടി സൈക്കിൾ സേവനം വ്യാപിപ്പിക്കാനുള്ള ഒരുക്കങ്ങളിലാണ് അതിരൂപ്.

ഓരോ സൈക്കിളും എപ്പോൾ എവിടെയുണ്ട് എന്ന് കൃത്യമായി നിരീക്ഷിക്കാനുള്ള ട്രാക്കിങ് സംവിധാനങ്ങളുമുണ്ട്. മൊബൈൽ ഫോൺ ഉപയോഗിച്ച് "സൈക്കിൾ വാടകയ്ക്കു കൊടുക്കുന്ന കട" നടത്തുന്നത് ആദായകരമൊന്നുമല്ല. എന്നാൽ, കിട്ടുന്ന പണത്തെക്കാൾ അതിന്റെ മൂല്യം വളരെ വലുതാണെന്ന തിരിച്ചറിവാണ് ഇതിനു പിന്നാലെ നടക്കാൻ അതിരൂപിനെ പ്രേരിപ്പിക്കുന്നത്. സോഫ്റ്റ് വെയർ എൻജിനീയർ തന്നെയായ സഹോദരന്റെ സഹായവും അതിരൂപിനുണ്ട്. അതിരൂപിന്റെ ഭാര്യ വിദ്യയാണ് ഇപ്പോൾ മുഖ്യമായും സൈക്കിൾ ക്ലബ്ബിന്റെ നടത്തിപ്പു കാര്യങ്ങൾ നോക്കുന്നത്.